മാതൃഭൂമി

29 July 2023

# മത്സ്യമേഖലയിലെ സ്ത്രീശക്തിയെ പ്രശംസിച്ച് യു.എസ്. വിദ്യാർഥികൾ

**കൊച്ചി▸** കേരളത്തിലെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടക്കുന്ന ചെറുകിട സംരംഭങ്ങളെ അഭിനന്ദിച്ച് അമേരിക്കൻ വിദ്യാർഥികൾ. സംസ്ഥാനത്തിന്റെ മത്സ്യമേഖലയെ കുറിച്ച് മനസ്സിലാക്കാനാണ് അമേരിക്കയിലെ മിഷിഗൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്നുള്ള 10 വിദ്യാർഥികളും രണ്ട് അധ്യാപകരും കേരളത്തിലെത്തിയത്. തീരമൈത്രി യൂണിറ്റുകൾ, സ്വയംസഹായക വനിതാ സംഘങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉത്പാദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാ സംരംഭങ്ങൾ സംഘത്തെ ആകർഷിച്ചു. മിഷിഗൻ സർവകലാശാലയുടെ ജെയിംസ് മാഡിസൺ കോളേജിൽ കംപാരറ്റീവ് കൾച്ചർ ആൻഡ് പൊളിറ്റിക്സിൽ ബിരുദപഠനം നടത്തുന്ന വിദ്യാർഥികളാണ് സി.എം.എഫ്.ആർ.ഐ.യുടെ സഹകരണത്തോടെ കേരള സന്ദർശനം നടത്തിയത്. സി.എം.എഫ്.ആർ.ഐ. പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീമാണ് പഠന-പരിശീലന യാത്രയ്ക്ക് മേൽനോട്ടം വഹിച്ചത്.



▶ സി.എം.എഫ്.ആർ.ഐ.യുമായുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സന്ദർശനത്തിനെത്തിയ അമേരിക്കയിലെ മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിൽനിന്നുള്ള വിദ്യാർഥികളുടെ സംഘം കേരളീയ വേഷത്തിൽ സംഘം ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണനൊപ്പം